**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4999** **04-07-2024 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാനസൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിദേശ - ആഭ്യന്തര വിനോദസഞ്ചാരികളുടെ വർദ്ധനവിന് അനുസൃതമായി വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേരളം സന്ദർശിക്കുന്ന വിദേശ സ്വദേശ വിനോദസഞ്ചാരികൾക്ക് ലോകോത്തര നിലവാരത്തിലുള്ള സന്ദർശനാനുഭവം പ്രദാനം ചെയ്യുന്നതിനായി ടൂറിസം വകുപ്പ് വിവിധങ്ങളായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. സംസ്ഥാനത്തെ പ്രധാന ഡെസ്റ്റിനേഷനുകളുടെ പ്രൗഢി വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നു. പ്രധാന ടൂറിസം കേന്ദ്രമായ കോവളത്ത് പദ്ധതി ടെൻഡർ ചെയ്തു. വർക്കല, മൂന്നാർ, മലമ്പുഴ എന്നിവടങ്ങളിൽ വിപുമായ പദ്ധതിക്ക് തീരുമാനിച്ചു. അതോടൊപ്പം വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള ഡെസ്റ്റിനേഷനുകളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഡെസ്റ്റിനേഷനുകൾ ആകർഷകമാക്കുവാൻ നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഫ്ലോട്ടിംഗ് ബ്രിഡ്ജ്, ഗ്ലാസ്സ് ബ്രിഡ്ജ്, കയാക്കിംഗ്, സർഫിംഗ് തുടങ്ങിയ സാഹസിക വിനോദസഞ്ചാര പദ്ധതികൾ ആവിഷ്കരിച്ചു. പ്രാദേശിക ഡെസ്റ്റിനേഷനുകൾ വളർത്തിക്കൊണ്ടുവരുവാൻ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. കാരവൻ ടൂറിസം, ഹെലി ടൂറിസം, സിനി ടൂറിസം തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി വരുന്നു. അതോടൊപ്പം ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി ജനപങ്കാളിത്തത്തോടെ വിവിധ ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നു. ടൂറിസം കേന്ദ്രങ്ങളിൽ മികച്ച ടോയ്‌ലറ്റ് സൗകര്യം ഉൾപ്പെടെ സാധ്യമാക്കുന്ന പദ്ധതികളും നടപ്പിലാക്കുന്നു. |
| (ബി) | സഞ്ചാരയോഗ്യമല്ലാത്ത റോഡുകളും റോഡുവക്കിൽ കെട്ടിക്കിടക്കുന്ന മാലിന്യങ്ങളും | (ബി) | സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള റോഡ് സൗകര്യം വലിയ നിലയിൽ മെച്ചപ്പെടുത്താൻ |

| | | | |
|---|---|---|---|
| | വിനോദസഞ്ചാരമേഖലയെ പ്രതികൂലമായി ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | | ആയിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലേക്ക് ഉള്ള മികച്ച റോഡുകൾ സോഷ്യൽ മീഡിയയും, മറ്റ് മാധ്യമങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. മികച്ച റോഡുകൾ ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുവാനും സഹായകരമായി. വിനോദസഞ്ചാര വകുപ്പിന് കീഴിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പാക്കുന്നതിന് ക്ലീൻ ഡെസ്റ്റിനേഷൻ പദ്ധതിയും നടപ്പിലാക്കുന്നു. |

സെക്ഷൻ ഓഫീസർ